# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 69 — 03.12.2014-ൽ മറുപടിക്ക്

**മിഷൻ 676 പട്ടികജാതി ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ എം.എൽ.എ<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ<br>ശ്രീ. കെ. ശിവദാസൻ നായർ എം.എൽ.എ | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി -പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| എ) | മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടിക ജാതി ക്ഷേമം ഉറപ്പാക്കുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | എന്തെല്ലാം പദ്ധതികളാണ് മിഷൻ വഴി നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) | 1) പട്ടികജാതി വിഭാഗത്തിപ്പെട്ട 50,000/- രൂപ വരെ വാർഷിക വരുമാനുള്ള മാതാപിതാക്കൾക്ക് ജനിക്കുന്ന പെൺകുട്ടികളുടെ ജീവിത സുരക്ഷ മുൻനിർത്തി ഓരോരുത്തരുടേയും പേരിൽ 50,000/- രൂപ വീതം ധനസഹായം നിക്ഷേപം നടത്തുന്ന വാത്സല്യനിധി.<br>2) സ്കൂൾ തലത്തിൽ പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ വിജയ ശതമാനം ഉയർത്തുന്നതിനായി പ്രത്യേക പരിശീലനം നൽകുന്നതിന് **'വിദ്യാജ്യോതി'** പദ്ധതി<br>3) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള ശ്മശാനങ്ങൾ ആരംഭിക്കുന്ന പദ്ധതി<br>4) പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങളിൽ നിന്നു പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതുമായ 1 ലക്ഷം രൂപ വരെയുള്ളള വായ്പകൾ എഴുതിതള്ളുന്ന പദ്ധതി. |

| | | | |
|---|---|---|---|
| സി) | പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | സി) | 1) **വാത്സല്യനിധി** എന്ന പദ്ധതി നടപ്പിലാക്കുന്നതിന് പൊതുമേഖലാ ബാങ്കുകൾ/ട്രഷറി/ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്നിവിടങ്ങളിൽ നിന്നുമുള്ള പ്രൊപ്പോസലുകൾ വാങ്ങി അതിൽ ഗുണഭോക്താവിന് ഏറ്റവും ലാഭകരമായത് ഏതെന്ന് ധനകാര്യ വിദഗ്ദ്ധനുമായി ചർച്ച ചെയ്ത് പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ പട്ടികജാതി വികസന ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2) **വിദ്യാജ്യോതി** : സർക്കാർ/പ്രൈവറ്റ്/ എയിഡഡ് മേഖലകളിൽ ഉള്ള ഹൈസ്കൂൾ കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനായുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശുപാർശ പരിശോധിച്ചു വരുന്നു.<br>3) **ശ്മശാനങ്ങളുടെ നവീകരണം** : 27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 10 ശ്മശാനങ്ങൾ നവീകരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.<br>4) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിതള്ളുന്ന കാര്യം ധനവകുപ്പിന്റെ പരിഗണനയിലാണ്. |
| ഡി) | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ? | ഡി) | ഐശ്വര്യ ശ്രീ എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഉപധനാഭ്യർത്ഥ മുഖേന 2225-01-102-95 എന്ന പുതിയ ശീർഷകത്തിൽ ടോക്കൺ പ്രൊവിഷനായി 1000 രൂപ വകയിരുത്തിയിട്ടുണ്ട്. ഐശ്വര്യശ്രീ എന്ന പദ്ധതി വാത്സല്യനിധി എന്ന പേരിൽ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. പൊതുമേഖലാ ബാങ്കുകൾ/ട്രഷറി/ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് |

| | | | |
|---|---|---|---|
| | | | ഇൻഡ്യ, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച്. അതിൽ ഗുണഭോക്താവിന് ഏറ്റവും പ്രയോജന പ്രദമായത് ഏതെന്ന് ധനകാര്യ വിദഗ്ദ്ധനുമായി ചർച്ച ചെയ്ത് പരിശോധിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ പട്ടികജാതി വികസന ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>വിദ്യാജ്യോതി പദ്ധതി നടപ്പിലാക്കുന്നതിന് പട്ടികജാതി ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാക്കി അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. 27 ശ്മശാനങ്ങൾ പരമാവധി 10 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി നവീകരിക്കുന്നതിന് 180.44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 10 ശ്മശാനങ്ങൾക്ക് വേണ്ടിയുള്ള 140.09 ലക്ഷം രൂപയുടെ പ്രൊപ്പോസൽ പരിഗണിച്ചു വരുന്നു.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി/ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31-03-2010 ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശിക യായതുമായ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾ എഴുതിതള്ളുന്ന കാര്യം ധനവകുപ്പിന്റെ പരിഗണനയിലാണ്. |

Sali KJ

സെക്ഷൻ ഓഫീസർ